# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 02/06/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഴക്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022 തീയ്യതി: 02/06/2022

## കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-03-2020 മുതൽ 10-04-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 06-03-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സാബു. പി.എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 11-04-2022 | 29-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-04-2022 | 29-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. വിപിന വത്സരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ആൽബർട്ട് ജോസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ശ്രീജ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു ജോസഫ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി. ബിന്ദു. ടി. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. സുരേഷ് ബാബു. കെ. | സെക്രട്ടറി | 01-04-2020 | 25-12-2020 |
| ശ്രീ. സുഗതൻ മുക്കായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-12-2020 | 24-01-2021 |
| ശ്രീ. റോബർട്ട് ജോസഫ് | സെക്രട്ടറി | 25-01-2021 | 31-01-2021 |
| ശ്രീ. സുഗതൻ മുക്കായി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2021 | 04-02-2021 |
| ശ്രീ. അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 05-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. റജി. പി. മാത്യു. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 22-06-2020 |
| ശ്രീ. സുഗതൻ മുക്കായി | അസിസ്റ്റന്റ് സെക്രട്ടറി | 23-06-2020 | 11-03-2021 |
| ശ്രീ. ഷംസുദ്ദീൻ. കെ. | അസിസ്റ്റന്റ് സെക്രട്ടറി | 12-03-2021 | 31-03-2021 |
| ശ്രീമതി. സിനി തോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-06-2020 |
| ശ്രീ. ജോമോൻ പൌലോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 24-06-2020 | 23-07-2020 |
| ശ്രീമതി, ജീജ. പി. സി. | അസിസ്റ്റന്റ് എഞ്ചിനീയർ | 24-07-2020 | 31-03-2021 |
| ശ്രീ. ഷാജീവൻ. പി. | വി.ഇ.ഒ. മുഴക്കുന്ന് | 01-04-2020 | 31-03-2021 |
| ഡോ. പ്രശാന്ത്. പി,വി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. ലിഷ മോൾ. കെ. എസ്. | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. മനോജ് കുമാർ. ടി. ജി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. സിന്ധു വി. ആർ. | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. ഗീതാകുമാരി. വി. ജി. | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 10-06-2020 |
| ശ്രീമതി. ആശാലത. പി. | ഐ സി ഡി എസ് സൂപ്പർവൈസർ | 11-06-2020 | 31-03-2021 |
| ശ്രീ. ഉസ്മാൻ പള്ളിപ്പാത്ത് | ഹെഡ് മാസ്റ്റർ ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ. ദിജേഷ്. കെ. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി. പ്രീതി. പി. | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീമതി. രമ്യശ്രീ. പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീമതി. പ്രീത. പി.വി. | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |
| ശ്രീ. രാജേഷ് കൃഷ്ണൻ. ആർ. | കൃഷി ഓഫീസർ | 01-04-2020 | 05-08-2020 |
| ശ്രീ. ജോർജ്. കെ.ജെ. | കൃഷി ഓഫീസർ | 06-08-2020 | 31-03-2021 |

* ഭരണ നിർവ്വഹണ കമ്മിറ്റി : 1. ശ്രീ. സുരേഷ് ബാബു. കെ, സെക്രട്ടറി, 2. ശ്രീമതി, ജീജ. പി.സി, അസിസ്റ്റന്റ് എഞ്ചിനീയർ, 3. ശ്രീ. ജോർജ്. കെ.ജെ, കൃഷി ഓഫീസർ (12-11-2020 മുതൽ 29-12-2020വരെ )

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-1 |
| 2 | പുതുക്കിയ ബജറ്റ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക.<br>Written By: Sreeja.K (Auditor, On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 06-05-2022) | 1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-2-1 |
| 5 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jyothish Kumar (Audit Officer (HG), On 05-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 05-05-2022) | 1-3 |
| 6 | ഫണ്ട് വിനിയോഗം<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-4 |
| 7 | പദ്ധതി അവലോകനം.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreeja.K (Auditor, On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-9 |
| 12 | ഗ്രാമ സഭ<br>Written By: Jyothish Kumar (Audit Officer (HG), On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-10 |
| 13 | വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-11 |
| 14 | വസ്തു നികുതി- നികുതി നിർണ്ണയത്തിലെ അപാകം<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-12 |
| 15 | കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കൽ - നികുതി വരുമാനം ഉറപ്പ് വരുത്തുന്നില്ല.<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-13 |
| 16 | പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ- ഒറ്റതവണ നികുതി അടച്ചരേഖകൾ ആവശ്യപ്പെടേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-14 |

| | | |
|---|---|---|
| 17 | പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-15 |
| 18 | റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു.<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-16 |
| 19 | തൊഴിൽ നികുതി - അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-17 |
| 20 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-18 |
| 21 | ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-19 |
| 22 | ക്ഷേമപെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-20 |
| 23 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- അപാകങ്ങൾ<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-21 |
| 24 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sreeja.K (Auditor, On 01-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 07-05-2022) | 1-22 |
| 25 | കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-23 |
| 26 | റോഡ് ടാറിംഗ് പ്രവൃത്തി - ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-24 |
| 27 | മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-25 |
| 28 | പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-26 |
| 29 | IKM ന് തുക നൽകൽ - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല<br>Written By: Jyothish Kumar (Audit Officer (HG), On 04-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-27 |
| 30 | പഞ്ചായത്ത് ഓഫീസിലെ ഫോട്ടോകോപ്പിയർ റിപ്പയർ രേഖകൾ ലഭ്യമാക്കിയില്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-28 |
| 31 | മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-29 |
| 32 | ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകൽ - തുകയുടെ കൈപ്പറ്റ് വിവരം | 1-30 |

| | | |
|---|---|---|
| | ലഭ്യമാകാത്തതിനാൽ ₹13,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | |
| 33 | പാല ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ- കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-31 |
| 34 | പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് ചെലവഴിച്ചതിലെ അപര്യാപ്തത<br>Written By: Vipina Valsaraj (Senior Grade Auditor, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-32 |
| 35 | സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-33 |
| 36 | കാർഷിക പ്രോജക്ടുകൾ- തനത് ഫണ്ട് ചെലവഴിച്ചതിന്റെ രേഖകളില്ല ₹75725 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-34 |
| 37 | പച്ചത്തുരുത്ത് വൃക്ഷത്തൈകൾ വാങ്ങൽ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹36995 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Vipina Valsaraj (Senior Grade Auditor, On 03-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 07-05-2022) | 1-35 |
| 38 | കൃഷിഭവൻ ഡിജിറ്റലൈസേഷൻ - കെൽട്രോണിന് അധികം തുക നൽകി<br>Written By: Vipina Valsaraj (Senior Grade Auditor, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-36 |
| 39 | കാർഷിക പദ്ധതികൾ-കൃത്യവുംഫലപ്രദവുമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തണം<br>Written By: Vipina Valsaraj (Senior Grade Auditor, On 03-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 1-37 |
| 40 | പദ്ധതികൾ നടപ്പിലാക്കാതെപോകുന്നു<br>Written By: Albert Jose (Senior Grade Auditor, On 29-04-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Jyothish Kumar (Audit Officer (HG), On 02-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jyothish Kumar (Audit Officer (HG), On 05-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 02-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jyothish Kumar (Audit Officer (HG), On 02-05-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 01-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | RECEIPT AND PAYMENT STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 4 | INCOME AND EXPENDITURE STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021 | |
| 5 | BALANCE SHEET OF MUZHAKKUNNU GRAMA PANCHAYAT AS ON 31-3 -2021 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ ബജറ്റ് 26-3-2020 ലെ 59/2020-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 9003913 |
| വരവ് | 133977000 |
| ആകെ | 142980913 |
| ചെലവ് | 137047000 |
| നീക്കിയിരിപ്പ് | 5933913 |

## 1-1-1 പുതുക്കിയ ബജറ്റ്

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിന്റെ 2020-21ലെ പുതുക്കിയ ബജറ്റ് 3-2-2021 ലെ 37/2021-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 23693396 |
| വരവ് | 99657000 |
| ആകെ | 123350396 |
| ചെലവ് | 122739000 |
| നീക്കിയിരിപ്പ് | 611396 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-7-2021 | 25-5-2021 | തിരിച്ചയച്ചിട്ടില്ല |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2020 - 21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ താഴെ കൊടുക്കുന്നു.

1. വസ്തുനികുതി : വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള തൻവർഷ ഡിമാന്റ്, കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ഡിമാന്റ് | 2985110 | 2985832 |
| കലക്ഷൻ | 2887652 | 2877736 |
| ബാലൻസ് | 103702<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 991179<br>(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

2. വസ്തുനികുതി കുടിശ്ശിക : വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കലക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ സ്റ്റേറ്റ്മെന്റിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക ധനകാര്യ പത്രിക പ്രകാരം | സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| കലക്ഷൻ | 360616 | 334476 |
| ബാലൻസ് | 48487(ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 73745(ലൈബ്രറി സെസ്സ് ഉൾപ്പെടെ) |

3. ദുരിതാശ്വാസ നിധി-B2 Schedule പ്രകാരമുള്ള തുക (₹45168) , B17 Schedule പ്രകാരമുള്ള തുകയുമായി (₹46604) പൊരുത്തപ്പെടുന്നില്ല.

4. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ

മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5. B-9 ബാധ്യത ഹെഡിൽ സർക്കാരിലേക്ക് ഒടുക്കാനുള്ള Value Added Tax ഇനത്തിൽ കോഡ് നമ്പർ 350300103 ൽ ₹74031 യും കോഡ് നമ്പർ 350200202 ൽ ₹26895 യും നീക്കിയിരിപ്പുണ്ട്. നികുതി സമയബന്ധിതമായി ഒടുക്കാതെ ഇപ്രകാരം നീക്കിയിരിപ്പ് ബാധ്യതയായി രേഖപ്പെടുത്താനുള്ള കാരണം വ്യക്തമല്ല.

6. B-9 ഷെഡ്യൂളിൽ അദർ ലയബിലിറ്റി എന്ന ഹെഡിൽ ചേർത്ത ₹3351042 ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാകുന്നില്ല.

7. B-11 Schedule ന് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

8. KURDFC- ലോൺ, ലോൺ രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക ₹14514176 വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി ₹12663473 പൊരുത്തപ്പെടുന്നില്ല.

9. B-18 ഷെഡ്യൂൾ പ്രകാരം ക്രമീകരിക്കാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനാവശ്യമായ അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

10. B-4 Schedule പ്രകാരം ബാധ്യതയായി രേഖപ്പെടുത്തിയ വിവിധ ഗ്രാന്റിനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

11. വികസന ഫണ്ട് - എസ്.സി.പി, ടി.എസ്.പി, പൊതുവിഭാഗം എന്നിവയിൽ നിന്നും കെ.യു.ആർ.ഡി.എഫ്.സി ലോൺ തുക ഒടുക്കുന്നതിനായും അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനായും ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ജി.ഒ പ്രോജക്ടായി ഉൾപ്പെടുത്തി വരവ്, ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

12. B-15 Schedule പ്രകാരം Profession Tax -Traders ഇനത്തിൽ ₹46700 കുടിശ്ശികയുണ്ട്. തുകയുടെ കൃത്യത പരിശോധിക്കാനാവശ്യമായ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

13. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(3),(4) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

14. ലൈബ്രറി സെസ്സ് കളക്ഷൻ, വാർഷിക ധനകാര്യ പത്രിക (RP-36)പ്രകാരമുള്ള തുകയും (₹165169) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകയും (₹163661) പൊരുത്തപ്പെടുന്നില്ല.

15. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, മാർക്കറ്റ് ഫീ എന്നീ ഇനങ്ങളിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

16. വാടക, തൊഴിൽ നികുതി എന്നീ രജിസ്റ്ററുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

17. വാർഷികകണക്ക് ഷെഡ്യൂൾ RP-5 പ്രകാരം Sale Of Tender Forms ഇനത്തിൽ ₹101400 വരവുണ്ട്. Tender Forms രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

18. വാർഷിക കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് കുറിപ്പുകൾ (Notes On Accounts) തയ്യാറാക്കിയിട്ടില്ല.

19. ട്രഷറി ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ നിന്നും ട്രഷറി തനത് ഫണ്ട് അക്കൗണ്ടിൽ നിന്നും സർക്കാർ സാമ്പത്തിക വർഷാവസാനം പിൻവലിച്ച തുക (യഥാക്രമം ₹451997, ₹ 9546203 ) ക്രമീകരിച്ചിട്ടില്ല.

20. ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ചെലവ് തുക സുലേഖ ചെലവ് പത്രിക പ്രകാരമുള്ള തുക (₹738022) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയുമായി (₹588022) പൊരുത്തപ്പെടുന്നില്ല.

21. വിവാഹധനസഹായം : I-6 ഷെഡ്യൂൾ പ്രകാരമുള്ള തുക (₹14535100) RP-7 പ്രകാരമുള്ള തുകയുമായി (₹120000) പൊരുത്തപ്പെടുന്നില്ല.

22. വിധവ പെൻഷൻ : വരവ്, ചെലവ് തുക (₹14535100) വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 29765342 |
| വരവ് | 49235342 |
| ആകെ | 79000684 |

| | |
|---|---|
| ചെലവ് | 49224716 |
| നീക്കിയിരിപ്പ് | 29775968 |
| വരവിനങ്ങളിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 150970 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11321400 | 11321400 | 9380664 | 1940736 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 578314 | 578314 | 196314 | 382000 |
| വികസന ഫണ്ട്-'ടി എസ് പി | 0 | 2559510 | 2559510 | 1419907 | 1139603 |
| മെയിന്റനൻസ്, റോഡ് | 0 | 6648000 | 6648000 | 6647317 | 683 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 4017946 | 4017946 | 1926720 | 2091226 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12094118 | 12094118 | 6619589 | 5474529 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് ഫണ്ട് | 0 | 2550000 | 2550000 | 0 | 2550000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| ഐ സി ഡി എസ്-കേന്ദ്രവിഹിതം | 278993 | 596113 | 875106 | 710287 | 164819 |
| എസ്എസ് എ | 553413 | 17637 | 571050 | 0 | 571050 |
| ടി എസ് സി | 65321 | 1468552 | 1533873 | 0 | 1533873 |
| പൈക്ക | 21001 | 840 | 21841 | 0 | 21841 |
| എം എൻ ആർ ഇ ജി എസ് | 5754 | 29442055 | 294447809 | 29431498 | 16311 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| സാക്ഷരത | 7792 | 248 | 8040 | 0 | 8040 |
| കുടിവെള്ള പദ്ധതി | 84829 | 0 | 84829 | 0 | 84829 |
| ശുചിത്വ മിഷൻ | 987597 | 977612 | 1965209 | 306500 | 1658709 |
| അംഗൻവാടികളിൽ നെയിംബോർഡ് | 133945 | 0 | 133945 | 0 | 133945 |
| പ്രത്യേക ഉദ്ദേശ ഗ്രാന്റ് | 6645 | 211 | 6856 | 0 | 6856 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 192 | 74651245 | 128 | 36187721 | 24 | 64 | 54.17 |

| ക്രമ നമ്പർ | നിർവ്വഹണ ഉദ്യോഗസ്ഥർ | പ്രോജക്ടുകളുടെ എണ്ണം | | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|
| | | ഏറ്റെടുത്തത് | നടപ്പിലാക്കിയത് | | | |
| 1 | സെക്രട്ടറി | 19 | 10 | 4899000 | 3461854 | 70.66 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 7 | 2217000 | 644352 | 29.06 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 80 | 66 | 26338491 | 19283789 | 73.22 |
| 4 | കൃഷി ഓഫീസർ | 23 | 14 | 3895100 | 1344436 | 34.52 |
| 5 | വി.ഇ.ഒ. മുഴക്കുന്ന് | 26 | 11 | 18439649 | 5332078 | 28.92 |
| 6 | മെഡിക്കൽ ഓഫീസർ PHC | 5 | 4 | 1420004 | 919407 | 64.75 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവേദം | 1 | 1 | 400000 | 400000 | 100 |
| 8 | മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 240000 | 239726 | 99.89 |
| 9 | വെറ്ററിനറി സർജൻ | 6 | 3 | 6718000 | 818000 | 12.18 |
| 10 | ICDS സൂപ്പർവൈസർ | 7 | 6 | 4523401 | 3353095 | 74.13 |
| 11 | ഹെഡ് മാസ്റ്റർ ജി.യു.പി.എസ് | 9 | 5 | 845600 | 390984 | 46.24 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 0 | 800000 | 0 | 0 |
| 13 | സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 0 | 3915000 | 0 | 0 |
| | ആകെ | 192 | 128 | 74651245 | 36187721 | 48.48 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5754 | 478967 | 484721 | 468410 | 16311 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 28963088 | 28963088 | 28963088 | - |
| ആകെ | 5754 | 29442055 | 29447809 | 29431498 | 16311 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| തൊഴിൽ രഹിത വേതനം | 23 | 16320 |
| കർഷകതൊഴിലാളി പെൻഷൻ | 322 | 5068700 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 974 | 14535100 |
| വാർദ്ധക്യകാല പെൻഷൻ | 1789 | 25295400 |
| വികലാംഗ പെൻഷൻ | 297 | 4406700 |
| അവിവാഹിത പെൻഷൻ | 62 | 954400 |
| വിവാഹ ധനസഹായം | 4 | 120000 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-4-2022 ന് 11.33 Am സമയത്ത് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,597 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം എന്നത് ആ സ്ഥാപനത്തിന്റെ പൊതുവായ പ്രവർത്തനങ്ങളുടെയും അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെയും ക്യാഷിന്റെയും ബാങ്കിന്റെയും ഇടപാടുകളുടെ നിയന്ത്രണവും വരുമാനം വർദ്ധിപ്പിക്കാനായി നടപടി സ്വീകരിക്കുന്നതോടൊപ്പം പിരിച്ചെടുക്കാനുള്ള നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിലുള്ള കാര്യക്ഷമതയും മുഴുവൻ ചെലവുകളുടെയും ആധികാരിത ഉറപ്പുവരുത്തുന്നതുമായ സമ്പ്രദായമാണ്. ഓഡിറ്റ് വർഷത്തെ രേഖകൾ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഏറെക്കുറെ തൃപ്തികരമാണെന്ന് ബോധ്യപ്പെടുകയുണ്ടായി. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്യുന്നുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ ചേർന്ന് തീരുമാനങ്ങൾ എടുക്കുന്നുണ്ടെങ്കിലും സ്റ്റാഫ് മീറ്റിംഗിൽ മുൻപത്തെ യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ പുരോഗതി വിലയിരുത്തിക്കാണുന്നില്ല.

## 1-10 ഗ്രാമ സഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ പതിനഞ്ച് വാർഡുകളിലും തൻവർഷം 2/2021 ൽ ഒരു തവണ മാത്രമാണ് ഗ്രാമസഭായോഗം ചേർന്നിട്ടുള്ളത്. 2/2021-ലെ പ്രധാന അജണ്ട 2021-22 വർഷത്തെ പദ്ധതി രൂപീകരണം, 2020-21 ലെ വാർഷിക വരവ് ചെലവ് കണക്ക് അംഗീകരിക്കൽ, ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാനും ലേബർ ബജറ്റും അംഗീകരിക്കൽ എന്നിവയായിരുന്നു. ഗ്രാമസഭാ മിനുട്സുകളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തിയതിൽ പങ്കെടുത്ത ഗുണഭോക്താക്കളുടെ പ്രതിനിധികളായി 15 പേരെങ്കിലും ഒപ്പ് വെക്കണമെന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടില്ല.

## 1-11 വസ്തു നികുതി - ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടില്ല.

കെട്ടിടങ്ങളുടെ വസ്തുനികുതി ചുമത്തുന്നതുമായി സംബന്ധിച്ച സ.ഉ (അ)19/2011/തസ്വഭവ തീയതി 14-1-2011 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ചില ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-2-2015 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ആയതിനൊപ്പം റസിഡൻഷ്യൽ ഹോം സ്റ്റേ എന്ന വിഭാഗം കൂടി ഉൾപ്പെടുത്തി സ.ഉ(അ) നമ്പർ 53/2020/തസ്വഭവ തീയതി 8-9-2020 പ്രകാരം ഈ വിഭാഗങ്ങളിൽ പെടുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കൂടിയതും കുറഞ്ഞതുമായ നിരക്ക് എത്രയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനനുസരിച്ച് ഓരോ പഞ്ചായത്തും അതത് പഞ്ചായത്തുകൾക്ക് ബാധകമാവുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്. സഞ്ചയ സോഫ്റ്റ് വെയറിലെ അടിസ്ഥാന നികുതി നിരക്കുകൾ പരിശോധിച്ചതിൽ പഞ്ചായത്തിന് പ്രസ്തുത വിഭാഗം കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം16 തീയതി 27-4-22) ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഇത്തരത്തിലുള്ള കെട്ടിടങ്ങളില്ലാത്തതിനാലാണ് നികുതി നിരക്ക് വിജ്ഞാപനം ചെയ്യാതിരുന്നതെന്നും അടിസ്ഥാന നികുതി നിജപ്പെടുത്തുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഭേദഗതി ഉത്തരവ് പ്രകാരമുള്ള അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്ത് സഞ്ചയയിൽ

രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി- നികുതി നിർണ്ണയത്തിലെ അപാകം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള പ്രവേശനമാർഗം അഞ്ച് മീറ്ററോ അതിൽ കൂടുതലോ ഉള്ള വഴിയാണെങ്കിൽ 20% വർദ്ധനവ് വരുത്തേണ്ടതാണെന്നും കുറിപ്പ് 1 പ്രകാരം ഒരു കെട്ടിടത്തിന്റെ മുമ്പിലും വശത്തുമായി രണ്ട് തരം റോഡുകൾ ഉണ്ടായിരിക്കുകയും അവയിൽ ഒന്നിൽ നിന്നു മാത്രം പ്രവേശന മാർഗം ഏർപ്പെടുത്തിയിരിക്കുകയും ചെയ്യുന്ന സംഗതിയിൽ പ്രധാനപ്പെട്ട റോഡിൽ നിന്ന് കെട്ടിടത്തിലേക്ക് വഴി സൗകര്യത്തിന്റെ ലഭ്യതയുള്ളതായി കണക്കാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചുവടെ ചേർത്ത കെട്ടിടത്തിന്റെ അംഗീകരിച്ച സൈറ്റ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ രണ്ട് വശങ്ങളിലായി 3 മീറ്റർ വീതിയുള്ള സ്വകാര്യ റോഡും 6 മീറ്റർ വീതിയുള്ള വിളക്കോട് പഞ്ചായത്ത് റോഡുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇപ്രകാരം വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നികുതി വർദ്ധനവ് വരുത്തിയതായി കാണുന്നില്ല.

കെട്ടിട ഉടമസ്ഥൻ : തറച്ചാണ്ടി ഷഫീന
കെട്ടിട നമ്പർ : 3-109 C, 3-109 D, 3-109 E, 3-109 F
വിസ്തീർണ്ണം : 114.92 ച.മീ
മേഖല : ദ്വിതീയം

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/27-4-22) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്ററിൽ പ്രസ്തുത റോഡിന് 3 മീറ്റർ മാത്രമാണ് വീതിയുള്ളതെന്നും ആയതിനാൽ നികുതി നിർണയത്തിൽ അപാകതയില്ല എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 169 പ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടാലും ഇല്ലെങ്കിലും പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ പൊതു വഴികളും പഞ്ചായത്തിന്റേതാണ്. ആസ്തി രജിസ്റ്ററിൽ റോഡിന്റെ വീതി 3 മീറ്ററാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിലവിലുള്ള വീതി എത്രയാണെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി നികുതി നിർണയത്തിൽ അപാകമുണ്ടായിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 കെട്ടിടങ്ങളുടെ കൂട്ടിചേർക്കൽ - നികുതി വരുമാനം ഉറപ്പു വരുത്തുന്നില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2014-15, 2015-16 കാലയളവിൽ വിവിധ റസിഡൻഷ്യൽ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ കൂട്ടിച്ചേർക്കലിനായി പെർമിറ്റ് എടുത്തിട്ടുണ്ടെങ്കിലും പെർമിറ്റ് കാലാവധിക്ക് ശേഷം മേൽ കെട്ടിങ്ങളുടെ പെർമിറ്റ് പുതുക്കുകയോ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിക്കാൻ വേണ്ടി അപേക്ഷ നൽകിയതായി കാണുന്നില്ല. പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ് വെയറുമായി താരതമ്യ പരിശോധന നടത്തിയപ്പോൾ നാളിതുവരെ കൂട്ടിച്ചേർത്ത ഭാഗത്തിന് നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | പെർമിറ്റ് നമ്പർ കാലാവധി | കൂട്ടിച്ചേർക്കലിനായി പെർമിറ്റ് അനുവദിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം | സഞ്ചയപ്രകാരം നിർണ്ണയിച്ച നികുതി |
|---|---|---|---|---|---|
| 1 | 3/85 B | കണ്ടോത്ത് ഇബ്രാഹിം | BA 1301/14<br>21-4-17 | 129.05(Existing)<br>116.51 (Proposed) | താഴത്തെ നില113.77ച. മീ |
| 2 | 13/369 | മാണിക്കോത്ത് സുലൈഖ | BA1604/14<br>26-5-17 | 90.83 (Existing)<br>77.55 (Proposed) | താഴത്തെ നില 64.25 ച. മീ |
| 3 | 3/446 | കറുകപ്പാറ സഹദേവൻ | BA 4706/14<br>9-10-17 | 90.2 (Existing)<br>70 (Proposed) | താഴത്തെ നില 86.14ച. മീ |
| 4 | 11/54 | ഒതയോത്ത് | BA361/15 | 99.89 (Existing) | താഴത്തെ നില |

| | | | | | |
|---|---|---|---|---|---|
| | | ദീപ, സജീവൻ കുന്നംവീട്ടിൽ | 1-3-18 | 83.29 (Proposed) | 108.92 ച. മീ |
| 5 | 12/80 | കുഞ്ഞിവീട്ടിൽ തങ്കമണി | A4 69/16<br>14-2-19 | 101.23(Existing)<br>75.24 (Proposed) | താഴത്തെ നില 74.26ച. മീ |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/28-4-2022)മറുപടി ലഭ്യമാക്കിയിട്ടില്ല. കൂട്ടിച്ചേർക്കൽ വരുത്തിയ കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പെർമിറ്റ് ഇല്ലാതെ ഇത്തരം നിർമ്മാണങ്ങൾ നടത്താൻ സാധ്യതയുണ്ട്. ഇപ്രകാരം പെർമിറ്റില്ലാതെയുള്ള നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്താനാവില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി അനധികൃത നിർമ്മാണം നടന്നിട്ടില്ല എന്ന് ഉറപ്പുവരുത്തേണ്ടതും നിലവിലുള്ള അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ച് ആയതിൽ നിന്നും കൂട്ടിചേർക്കൽ വരുത്തിയതും ഘടന പരമായ മാറ്റങ്ങൾ വരുത്തിയതുമായ കെട്ടിടങ്ങൾക്ക് നിയമാനുസൃത വസ്തുനികുതി ഈടാക്കി ഈ ഇനത്തിലുള്ള വരുമാന ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 1-14 പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കൽ- ഒറ്റതവണ നികുതി അടച്ചരേഖകൾ ആവശ്യപ്പെടേണ്ടതാണ്.

ജി ഒ (എം എസ്)നം 231/15/തസ്വഭവ തീയതി 9-7-2015 പ്രകാരം പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ 1975ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-21 വർഷം പുതുതായി നമ്പർ അനുവദിച്ച ചില കെട്ടിടങ്ങളുടെ ഫയലിൽ ഒറ്റതവണ നികുതിയുടെ ആദ്യഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഇല്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേര് | തറവിസ്തീർണം (ച.മീ) |
|---|---|---|---|
| 1 | 10/111 A | പാലക്കണ്ടി അനീഷ് കുമാർ | 227.02 |
| 2 | 15/393 A | നച്ച്യത്ത് നജീമ | 282.23 |
| 3 | 2/348 A | പാലക്കീൽ റഹ്മത്ത് | 255.56 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ (നംതി 21-4-22) മറുപടിയിൽ കോവിഡ് സാഹചര്യമായതിനാൽ റവന്യൂ വകുപ്പിൽ നിന്നും നികുതി നിർണയിച്ചു കിട്ടുന്നതിൽ കാലതാമസം നേരിടുന്നതു കൊണ്ടാണ് തൻവർഷം ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ ഖണ്ഡിക 2 പ്രകാരം ആഡംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒടുക്കുന്നതിന് മുൻ ധനകാര്യ വർഷത്തെ ആഡംബരനികുതി ഒടുക്കിയതിന്റെ രസീതിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-15 പൊളിച്ചു മാറ്റിയ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ - അപാകങ്ങൾ

1. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 26-3-2021 ലെ 10 ാം നമ്പർ തീരുമാനം പ്രകാരം A3-1272121 തീ.26-3-21 റിപ്പോർട്ട് പരിഗണിച്ച് 2020-21 വരെ നികുതി ഒടുക്കിയിട്ടുള്ളതും നിലവിൽ പൊളിച്ചുമാറ്റിയിട്ടുമുള്ള 38 കെട്ടിടങ്ങളുടെ വസ്തുനികുതി 2021-22 വർഷം മുതൽ നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കുന്നതിന് ഭരണസമിതിക്ക് ശുപാർശ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. സഞ്ചയയിൽ ഈ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 10 കെട്ടിടങ്ങളെ 2019-20 ഒന്നാം അർദ്ധവർഷത്തിലും 20 കെട്ടിടങ്ങളെ 2020-21ഒന്നാം അർദ്ധവർഷത്തിലും ഒരു കെട്ടിടത്തെ 2018-19 ഒന്നാം അർദ്ധവർഷത്തിലും പൊളിച്ചുമാറ്റിയതായി രേഖപ്പെടുത്തി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ബാക്കിയുള്ള 7 കെട്ടിടങ്ങൾക്ക് നിലവിൽ നികുതി ഒഴിവാക്കിയിട്ടില്ല.

2. ഓഡിറ്റിന് ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ 2020-21ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ പൊളിച്ചുമാറ്റിയതായി രേഖപ്പെടുത്തി നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഭരണസമിതിക്ക് ശുപാർശ ചെയ്യാൻ

തീരുമാനിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ഫയൽ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ |
|---|---|---|---|
| 1 | A3 2371/20/5/19 | 5/241 | രാഹുൽ. എൻ |
| 2 | A3 667/3-2-20 | 7/485 | സരിത. പി |
| 3 | A3-1234/4-3-20 | 13/359,360,361,362, 363,364,365,366 | എൻ. കെ. പാർവ്വതി മുതൽ പേർ |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/25-4-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനങ്ങൾക്ക് വിരുദ്ധമായും, തീരുമാനമില്ലാതെയും കെട്ടിടങ്ങളുടെ നികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയത് ഉചിതമായ നടപടിയല്ല. ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-16 റദ്ദാക്കിയ രസീത് പ്രകാരം വരവ് ചേർത്തു.

സാംഖ്യ സോഫ്റ്റ്‌വെയറിലെ ക്യാൻസൽ ചെയ്ത രസീതിയുടെ ലിസ്റ്റ്, 2020-21`വർഷത്തെ ഡേ ബുക്ക് എന്നിവ പരിശോധിച്ചതിൽ പ്രകാരം രസീത് റദ്ദാക്കിയിട്ടുണ്ടെങ്കിലും തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ വരവ് വെച്ചതായി കാണുന്നു.

| ക്രമ നമ്പർ | റദ്ദാക്കിയ രസീത് നമ്പർ/തീയതി | കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥൻ | സഞ്ചയയിൽ വരവ് രേഖപ്പെടുത്തിയ നികുതി |
|---|---|---|---|---|
| 1 | 120060100490/ 22-7-2020 | 14/119 | 1. കോടം മൂല നന്ദിനി<br>2.കോടം മൂല സജീവൻ<br>3.താഴെകോറോത്ത് സീത<br>4.കോടം മൂല ശ്രീജിത്ത് | 282 |

ഇു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/29-4-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. റദ്ദാക്കിയ രസീത് പ്രകാരം സഞ്ചയയിൽ വരവ് ചേർത്തിട്ടുള്ളതിനാൽ തുക നഷ്ടമാവാനിടയുണ്ട്. ആയത് പരിശോധിച്ച് തുക നഷ്ടമായിട്ടുണ്ടെങ്കിൽ നഷ്ടത്തുക ഉത്തരവാദികളിൽ നിന്ന് ഈടാക്കേണ്ടതും ക്യാൻസൽ ചെയ്ത രസീതി എപ്രകാരമാണ് സഞ്ചയയിൽ വരവ് വെച്ചതെന്ന് വ്യക്തമാക്കേണ്ടതുമാണ്. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി - അപാകങ്ങൾ

1. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതിഡിമാന്റ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഗോപാൽ ഫ്യൂവൽസ്, കാക്കയങ്ങാട് | 2020-21/ II |
| 2. | തില്ലങ്കേരി വനിത സഹകരണസംഘം, വിളക്കോട് | 2020-21/ II |
| 3. | ബ്രാഞ്ച് പോസ്റ്റ് ഓഫീസ് വിളക്കോട് | 2020-21/I & II |

2. ഗ്രാമ പഞ്ചായത്ത് ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരുൾപ്പെടെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല.

3. ദേവസ്വം ബോർഡിനു കീഴിലുള്ള മുഴക്കുന്ന് മൃദംഗശൈലേശ്വരി ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

4. 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ,ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, അക്ഷയ കേന്ദ്രങ്ങളിലെ ജീവനക്കാർ, ഗ്രാമ പഞ്ചായത്ത് 2020-21 വർഷം വിവിധ ആവശ്യങ്ങൾക്ക് ദിവസ വേതനത്തിന് നിയമിച്ച ജീവനക്കാർ, പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

5.Profession Tax- Traders രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ ലഭ്യമാക്കേണ്ട തുക മുഴുവനായും ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി 1994 ലെ കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 205 (സി) പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജോലി ചെയ്യുന്നവരുടെ പേര് അടങ്ങിയ ലിഖിതമായ ഒരു ലിസ്റ്റും അങ്ങനെയുള്ളവരുടെ ശമ്പളത്തെയോ വരുമാനത്തെയോ സംബന്ധിച്ച ലിസ്റ്റും സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതും വരുമാനം കണക്കാക്കി തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. മേൽ സൂചിപ്പിച്ച അപാകതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-18 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമുണ്ട്. ഗ്രാമപഞ്ചായത്തിലെ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 15 വാർഡുകളിലായി 331 സ്ഥാപനങ്ങളാണുള്ളത്. സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി ആയിരത്തി അഞ്ഞൂറിലധികം കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു. യഥാർത്ഥത്തിൽ പഞ്ചായത്ത് പരിധിയിലുള്ള വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും കൃത്യമായ വിവരങ്ങൾ ലഭ്യമല്ലാത്തിനാൽ എഫ്.ടി. ഇ & ഒ.എസ് ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ നികുതി ഇനങ്ങളിൽ വരുമാന ചോർച്ച സംഭവിക്കാൻ ഇടയുണ്ട്. ഗ്രാമ പഞ്ചായത്തിലുള്ള 15 വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാവേണ്ടതുണ്ട്.

## 1-19 ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചില്ല

8-9-2013-ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കാനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇപ്രകാരം 2020-21 വർഷം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീ ഇനത്തിലെ തുക ₹10628 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ഇതുവരെ ലഭിച്ചിട്ടില്ല. ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നതാണ് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 31/29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയത്. ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കുവാനാവശ്യമായ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-20 ക്ഷേമപെൻഷൻ വിതണത്തിലെ അപാകങ്ങൾ

മുഴക്കുന്ന് ഗ്രാമ പഞ്ചായത്തിലെ 2020 ലെ മരണ രജിസ്റ്റർ അടിസ്ഥാനമാക്കി, ഈ ഓഫീസിൽ നിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്നിരുന്നതും മരണപ്പെട്ടവരുമായ ഏതാനും വ്യക്തികളുടെ വിവരങ്ങൾ സേവന വെബ്സൈറ്റിൽ പരിശോധന നടത്തിയപ്പോൾ മരണപ്പെട്ടതിനുശേഷവും അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ പെൻഷൻ തുക ക്രെഡിറ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമായി. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണ വിവരങ്ങൾ |
|---|---|---|---|---|
| ജാനകിഅമ്മ.എം.കെ | 722526361879 | 111730201070 | 25-11-20 | 01/2021വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| മായിമാൻകണ്ടി മാതു | 872888596361 | 111730200008 | 25-8-20 | 11/2020വരെ |

| | | | | |
|---|---|---|---|---|
| | | | | വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| മേരി ഉലഹന്നാൻ | 933502623585 | 111730200277 | 7-7-20 | 11/2020വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ജോസഫ് ടി.വി | 625398892336 | 111730201379 | 16-5-20 | 11/2020വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ജോസഫ് | 721170509795 | 111730200244 | 29-2-20 | 11/2020വരെ വാർദ്ധക്യപെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ അപാകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/29-4-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ധനവകുപ്പിന്റെ 26-07-2018 ലെ സർക്കുലർ നമ്പർ 69/18 പ്രകാരം മരണപ്പെട്ടവരുടേയും പുനർവിവാഹം ചെയ്തവരുടേയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാതുമാസം ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കണമെന്നും സെക്രട്ടറി സേവന സോഫ്റ്റ് വെയറിൽ നിന്ന് സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച് അപാകം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ക്ഷേമ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് മരണമടഞ്ഞ ഗുണഭോക്താക്കളുടെ പെൻഷൻ തടസ്സപ്പെടുത്തേണ്ടതാണ്. മരണമടഞ്ഞതിന് ശേഷവും പെൻഷൻ തുക കൈപ്പറ്റിയ മുഴുവൻ ഗുണഭോക്താക്കളെയും കണ്ടെത്തി അനർഹമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-21 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- അപാകങ്ങൾ

1. തൊഴിൽ നികുതി രജിസ്റ്റർ

സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി, സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ജീവനക്കാർ സ്ഥലം മാറി പോയതിന്റെ വിവരങ്ങൾ, റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം, തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ മുഴുവൻ വിവരങ്ങൾ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്റർ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2. ക്രമവത്കരണ രജിസ്റ്റർ

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമാണ ചട്ടങ്ങൾ 2019-ലെ ചട്ടം 95(3) പ്രകാരം സെക്രട്ടറി ഒരു ലിഖിത ഉത്തരവിലൂടെ ക്രമവൽക്കരണം അനുവദിച്ചു കൊടുക്കുമ്പോൾ, ആയത് അനുബന്ധം - G2 ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമവൽക്കരണത്തിനു വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ചു പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ ₹155764 ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമ്മാണ ക്രമവൽകരണം സംബന്ധിച്ച് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്.

## 1-22 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൾ 282(1) എ പ്രകാരവും, 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ് ), ചട്ടം 79 പ്രകാരവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിന് ശേഷം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരമുള്ള വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നതിൽ പല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തിയിട്ടുള്ളതിനാൽ 14-1-2020 ലെ സർക്കുലർ നമ്പർ എസി 1/125/2019-തസ്വഭവ പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകകൾ മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2020-21 ലെ വാർഷിക ധനകാര്യപത്രിക ബി 7 ഷെഡ്യൂൾ പ്രകാരം വിവിധ ഇനങ്ങളിലെ ഡെപ്പോസിറ്റായി ആകെ ₹886966 നീക്കിയിരിപ്പുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം ഇപ്രകാരം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. 2003 മുതൽ ലഭിച്ച തുകകൾ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം15 തീയതി 27-4-22) മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ കൃത്യമായി പരിശോധിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സംബന്ധിച്ച വിവരം ധനകാര്യ കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും ബോധ്യപ്പെടുത്തി പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

## 1-23 കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് ഫയലിൽ സൂക്ഷിക്കേണ്ടതാണ്

സർക്കുലർ നമ്പർ 18/2019/ഫിൻ തീയതി 01.03.2019 പ്രകാരം മരാമത്തു പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമായ നിരക്കിൽ ജി. എസ്. ടി. ഉൾപ്പെടാൻ പാടുള്ളതല്ല. മാത്രമല്ല 12% ജി. എസ്. ടി. കോംപൻസേഷൻ ഉൾപ്പടെയുള്ള തുകക്കാണ് മരാമത്തു പ്രവർത്തികളുടെ ഭരണാനുമതി നൽകേണ്ടത്. 2.5 ലക്ഷം രൂപയോ അതിൽ കൂടുതലോ ആയ വേലമൂല്യത്തിൽ നിന്ന് 2% ജി. എസ്. ടി ബില്ലിൽ കുറവു ചെയ്ത ശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. ആയതിനാൽ 12% ജി.എസ്.ടി.യും കരാറുകാരൻ അടവാക്കിയെന്ന് ഉറപ്പാക്കാനാവും. എന്നാൽ 2.5 ലക്ഷത്തിൽ താഴെ വേലമൂല്യമുള്ള പ്രവൃത്തിയിൽ നിന്നും 2% ടി.ഡി.എസ്. ഈടാക്കേണ്ടതില്ലാത്തതിനാൽ 12% ജി.എസ്.ടി.യും അടവാക്കിയെന്ന് ഉറപ്പാക്കാനാവില്ല. ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരിൽ നിന്നും ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കേണ്ടതുണ്ട്. സ.ഉ(അച്ചടി) നം.87/2017/തസ്വഭവ, തീ. 01.11.2017 നമ്പർ ഉത്തരവ് പ്രകാരം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന എല്ലാ കരാറുകാരും നിർബന്ധമായും GST രജിസ്ട്രേഷൻ എടുക്കേണ്ടതും ടെണ്ടറിനൊപ്പം ഹാജരാക്കേണ്ടതുമാണ്. നിലവിൽ ടാക്സ് ഇൽവോയിസുകൾ ഇല്ലാതെ തന്നെ ജി. എസ്. ടി. ഉൾപ്പെട്ട തുക കരാറുകാർക്ക് നൽകി വരുകയാണ് ചെയ്യുന്നത്. ഓഡിറ്റ് മുൻപാകെ ലഭ്യമാക്കിയ ഫയലുകളിൽ കരാറുകാരിൽ നിന്നും ജി. എസ്. ടി. ഇൻവോയിസ് ലഭ്യമാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ 26/29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരുടെ ജി. എസ്. ടി ഇൻവോയിസ് വാങ്ങി വെക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരുടെ ജി.എസ്.ടി. ഇൻവോയ്സ് ഫയലിൽ സൂക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 റോഡ് ടാറിംഗ് പ്രവൃത്തി - ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിക്കുന്നില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി കരാറുകാർ നേരിട്ട് ബിറ്റുമിൻ വാങ്ങി ഉപയോഗിക്കുന്ന സാഹചര്യങ്ങളിൽ ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതാണെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ 08.11.2016-ലെ ജി.ഒ.(ആർടി) 3049/2016 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതി പ്രകാരം നടപ്പാക്കിയ റോഡ് ടാറിംഗ് പ്രവൃത്തികളുടെ ടാർ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒറിജിനൽ ബിൽ കർശനമായും ഫയലിൽ സൂക്ഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 30/29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കഴിയുന്നിടത്തോളം ശ്രദ്ധിക്കാറുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. ഒറിജിനൽ ബിൽ ഫയലിൽ സൂക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

2020-21 വർഷത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ പലതും പ്രവൃത്തി നടക്കുന്ന സമയത്ത് എസ്റ്റിമേറ്റുകൾ പലതും റിവൈസ് ചെയ്യേണ്ടതായി വന്നിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതയാണ് ഇതിന് കാരണം. 2012 ലെ പുതുക്കിയ കേരള പി.ഡബ്ല്യു.ഡി മാന്വൽ **സെക്ഷൻ** 1601.1.2 പ്രകാരം എല്ലാ മരാമത്ത് പ്രവൃത്തികൾക്കും സാങ്കേതികാനുമതി ലഭിയ്ക്കുന്നതിന് വിശദമായ എസ്റ്റിമേറ്റ് നിർബന്ധമാണ്. വിശദമായ സൈറ്റ് പരിശോധനയ്ക്ക് ശേഷമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത്. നടത്തിയ പ്രവൃത്തിയുടെ വ്യക്തത എസ്റ്റിമേറ്റ് റിപ്പോർട്ടിൽനിന്ന് ലഭിക്കുന്നില്ല. പ്രവൃത്തികളുടെ കാര്യത്തിൽ മാന്വലിലെ

പല നിർദ്ദേശങ്ങളും പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. പുതിയ റോഡുകളുടെ കാര്യത്തിലും, കെട്ടിടങ്ങളുടെ കാര്യത്തിലും നിലവിലെ അവസ്ഥ, ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും, പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ, പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ, പ്രവൃത്തി പൂർത്തികരിക്കാനുദ്ദേശിക്കുന്ന കാലയളവ് മുതലായ വിവരങ്ങൾ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല. പല പ്രവൃത്തികളിലും എസ്റ്റിമേറ്റുകൾ പ്രവൃത്തി സമയത്ത് പുതുക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൃത്യമായ സ്ഥല പരിശോധനയുടെ അടിസ്ഥാനത്തില്ല പല എസ്റ്റിമേറ്റുകളും തയ്യാറാക്കിയിട്ടുള്ളത് എന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ 27/ 29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്.

## 1-26 പൊതുമരാമത്ത് പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പൊതുമരാമത്ത് പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)11/2018/ത.സ്വ.വഭ.വ തി.29-01-2018 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് 7.13(12) അനുസരിച്ച് ഗുണമേൻമയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ ശ്രമിക്കണമെന്ന് പറയുന്നു. ഇപ്രകാരം 2020-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വർക്കിൽ ഏതെങ്കിലും റോഡ് 5 വർഷ ഗ്യാരന്റിയോടുകൂടി നിർമ്മിച്ചിട്ടുണ്ടെങ്കിൽ ആ റോഡിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ 29/ 29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ ഓഡിറ്റ് സമയത്ത് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗുണമേൻമയും ഈടുറ്റതുമായ റോഡുകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഒരു വാർഷിക പദ്ധതിയിൽ ഒരു റോഡെങ്കിലും 5 വർഷ ഗ്യാരന്റിയോടുകൂടി നടപ്പിലാക്കാൻ പഞ്ചായത്ത് പ്രോജക്ടുകൾ വച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിക്ക് നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചത്. പൊതുമരാമത്ത് പ്രോജക്റ്റ് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-27 IKM ന് തുക നൽകൽ - കൈപ്പറ്റ് രശീത് , വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നമ്പർ / പേര് | 15/21 IKM ന് തുക നൽകൽ |
| വകയിരുത്തിയ തുക | ₹75,000 വികസന ഫണ്ട് |
| ചെലവ് തുക | ₹75,000 ബിൽ നമ്പർ : 20220552013500529041/17-9-2020 |

IKM ന് തുക നൽകൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹75,000 ഐ.കെ.എം.-ന്റെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-28 പഞ്ചായത്ത് ഓഫീസിലെ ഫോട്ടോകോപ്പിയർ റിപ്പയർ രേഖകൾ ലഭ്യമാക്കിയില്ല ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ / പേര് | 45/21 പഞ്ചായത്ത് ഓഫീസിലെ ഫോട്ടോകോപ്പിയർ റിപ്പയർ |
| അടങ്കൽ | ₹30000 തനത് ഫണ്ട് |
| ചെലവ് തുക | ₹25000 |

| വൗച്ചർ നമ്പർ /തീയ്യതി | 22000461/23-9-2020 |
|---|---|

പഞ്ചായത്ത് ഓഫീസിലെ ഫോട്ടോകോപ്പിയർ റിപ്പയർ എന്ന മേൽ പ്രോജക്ട് പ്രകാരം ₹25000 കെ.വി.ആർ സെയിൽസ് ആന്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ.(പി.)259/2010/തസ്വഭവ തീ. 8.11.2010 ഉത്തരവ് പ്രകാരം റിപ്പയറുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകളും തുകയുടെ കൈപ്പറ്റ് രശീതിയും പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 20/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹25000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരള ലിമിറ്റഡിന്റെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ എന്ന പ്രോജക്ടുകളുടെ ചെലവു തുകയായ ₹7,50,000 സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരള ലിമിറ്റഡിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ തുകയുടെ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 20/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ / പേര് | അടങ്കൽ | ചെലവ് തുക | വൗച്ചർ നമ്പർ /തീയ്യതി | അപാകങ്ങൾ |
|---|---|---|---|---|---|
| 1 | 23/21<br>ഉവ്വാപ്പള്ളി, പാലപ്പുഴ, അയ്യപ്പൻകാവ്, മുടക്കോഴി എന്നിവിടങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | ₹600000<br>തനത് ഫണ്ട് | ₹600000 | 22000548/9-11-2020 | സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരള ലിമിറ്റഡിനാണ് തുക അനുവദിച്ചത് എന്നാൽ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| 2 | 149/21<br>മുഴക്കുന്ന ടൌണിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ<br>(സ്പിൽ ഓവർ) | ₹150000<br>തനത് ഫണ്ട് | ₹150000 | 22000550/9-11-2020 | സ്റ്റീൽ ഇന്റസ്ട്രിയൽസ് കേരള ലിമിറ്റഡിനാണ് തുക അനുവദിച്ചത് എന്നാൽ കൈപ്പറ്റ് രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. |
| | ആകെ | | ₹7,50,000 | | |

## 1-30 ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകൽ - തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാകാത്തതിനാൽ ₹13,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡെപ്പോസിറ്റ് തുകകൾ തിരികെ ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഡെപ്പോസിറ്റ് തുക തിരികെ അനുവദിച്ചിട്ടുണ്ടെങ്കിലും അപേക്ഷകർ തുക കൈപ്പറ്റിയതായുള്ള രശീതി പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 22/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേണത്തിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹13,250 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ /തീയ്യതി | ഡെപ്പോസിറ്റ് തുക | അപേക്ഷകന്റെ പേര് |
|---|---|---|---|
| 1 | 22000165/12-6-2020 | 2500 | മധുസൂദനൻ. കെ. പി. |
| 2 | 22000166/12-6-2020 | 3500 | മൻസൂർ. കെ. |
| 3 | 22000167/12-6-2020 | 7250 | ഈരടത്ത് ഹമീദ് |

| | | | |
|---|---|---|---|
| | ആകെ | 13,250 | |

## 1-31 പാല ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ-കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ / പേര് | 148/21 പാല ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകൽ |
| വകയിരുത്തിയ തുക | ₹10,00,000 തനത് ഫണ്ട് |
| ചെലവ് തുക | ₹10,00,000 വൗച്ചർ നമ്പർ : 22000177/19-6-2020 |

സ. ഉ (സാധാ) നം.231/2020/ത.സ്വ.ഭ.വ തീയ്യതി 28-1-2020 പ്രകാരം പാല ഹയർ സെക്കന്ററി സ്കൂളിന് കളിസ്ഥലം വാങ്ങുന്നതിന് ജില്ലാ പഞ്ചായത്തിന് ധനസഹായം നൽകുന്നതിന് അനുമതിയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ₹10,00,000 കണ്ണൂർ ജില്ലാ പഞ്ചായത്തിന് ചെക്ക് നമ്പർ 1523703/19-6-2020 പ്രകാരം അനുവദിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് 23/28-4-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രശീതി, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-32 പട്ടികജാതി പട്ടികവർഗ്ഗ ഫണ്ട് ചെലവഴിച്ചതിലെ അപര്യാപ്തത

2020-21 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കായി 9 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇവയിൽ 6 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ₹1257000 ആകെ അടങ്കൽ വച്ചെങ്കിലും ₹515000 മാത്രമാണ് ചെലവഴിക്കാനായത്. പട്ടികജാതി പട്ടികവർഗ്ഗ ഫണ്ടിന്റെ ഇനം തിരിച്ചുള്ള ചെലവ് താഴെ കൊടുക്കുന്നു.

| ഫണ്ട് | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 410000 | 75000 | 18.29 |
| വികസന ഫണ്ട് ടി.എസ്.പി | 847000 | 440000 | 51.95 |
| ആകെ | 1257000 | 515000 | 40.97 |

പട്ടികജാതി പട്ടിക വർഗ്ഗ പ്രോജക്ടുകളുടെ നടത്തിപ്പിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/27-04-22ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കി പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കായി അനുവദിക്കുന്ന ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-33 സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തി - നിർവ്വഹണത്തിലെ അപാകങ്ങൾ

2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മാണം നടത്തിയ സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ പ്രധാന ഇനമായ പേവ്മെന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളത് മോർഡ് സ്പെസിഫിക്കേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിൽ അല്ലെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഓഡിറ്റ് വർഷത്തിൽ നിർമ്മാണം നടത്തിയ ഏതാനും സിമന്റ് കോൺക്രീറ്റ് പേവ്മെന്റ് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|
| 14 | തോട്ടത്തിൽ രാജീവ്ജി റോഡ് കോൺക്രീറ്റിംഗ് | 347728 |
| 24 | ഊവ്വപ്പള്ളി കുവയിൽ റോഡ് കോൺക്രീറ്റിംഗ് | 323280 |
| 26 | കൊരഞ്ഞി കൂടലാട് റോഡ് കോൺക്രീറ്റിംഗ് | 399309 |
| 27 | ചെക്കിയിൽ കൂടലാട് റോഡ് കോൺക്രീറ്റിംഗ് | 399309 |
| 28 | പാലപ്പള്ളി താഴ പുലിമുണ്ട റോഡ് കോൺക്രീറ്റിംഗ് | 399354 |
| 31 | തളിപ്പൊയിൽ എളോഞ്ഞി റോഡ് കോൺക്രീറ്റിംഗ് | 325709 |

| | | |
|---|---|---|
| 32 | കുളിപ്പാറ അയി ച്ചോത്ത് നടപ്പാത കോൺക്രീറ്റിംഗ് | 320404 |
| 34 | ഗ്രാമം - കുണ്ടോളി റോഡ് കോൺക്രീറ്റിംഗ് | 399837 |
| 35 | പിടങ്ങോട് അംഗനവാടി റോഡ് കോൺക്രീറ്റിംഗ് | 399928 |
| 38 | പിടാങ്ങോട് കായപ്പനച്ചി റോഡ് കോൺക്രീറ്റിംഗ് | 216331 |
| 39 | പാറക്കണ്ടം തൊണ്ടൻകുഴി അരയാൽ മുക്ക് റോഡ് കോൺക്രീറ്റിംഗ് | 328122 |
| 40 | നല്ലൂർ പള്ളി കുളിക്കുന്ന് റോഡ് കോൺക്രീറ്റിംഗ് | 334016 |
| 115 | കൊരഞ്ഞി - പിഞ്ഞാണപ്പാറ റോഡ് കോൺക്രീറ്റ് | 390000 |
| 117 | പാല - കരളം റോഡ് കോൺക്രീറ്റ് | 417684 |
| 120 | കടുക്കാപ്പാലം - വഞ്ഞേരി നടപ്പാത കോൺക്രീറ്റ് | 245534 |
| 126 | നല്ലൂർ - പള്ളികുന്ന് -റോഡിന് സൈഡ്ഭിത്തി | 297651 |
| 127 | പാറക്കണ്ടം - തൊണ്ടൻകുഴി - അരയാൽമുക്ക് - റോഡ് കോൺക്രീറ്റ് | 326713 |
| 131 | ഗ്രാമം - അരിച്ചൽ റോഡ് കോൺക്രീറ്റ് | 398364 |
| 154 | മുടക്കോഴി മുക്കത്തിൽ - മുളിയിൽ അക്കരമ്മൽ റോഡ് കോൺക്രീറ്റ് | 373540 |
| 165 | പുണിയാനം - കൊളത്തിഞ്ഞാൽ - അമ്പലക്കണ്ടി റോഡ് കോൺക്രീറ്റ് | 375000 |
| 166 | വട്ടപ്പൊയിൽ - കരുവാൻറകുന്ന് നടപ്പാത കോൺക്രീറ്റ് | 275000 |
| 170 | പായംമുക്ക് - പായംകടവ് - മുരിങ്ങൂർ റോഡ് കോൺക്രീറ്റ് | 324367 |
| 202 | ചെങ്ങാടി വയൽ- സി എച്ച് റോഡ് കോൺക്രീറ്റ് | 305349 |

മോർഡ് സ്പെസിഫിക്കേഷനിലെ വിവിധ സ്ട്രക്ച്ചറുകളുടെ ഓപ്പൺ ഫൗണ്ടേഷൻ വിശദമാക്കുന്ന അദ്ധ്യായം 800, 1200 എന്നിവയിൽ വിശദീകരിക്കുന്നതും DAR ലെ അദ്ധ്യായം 11ൽ 11.4.3.1 നമ്പർ പ്രകാരം ഡാറ്റാ നൽകിയതുമായ കോൺക്രീറ്റ് ഇനമാണ് റോഡ് നിർമ്മിതിക്ക് ഉപയോഗപ്പെടുത്തിയിരിക്കുന്നതെന്ന് എസ്റ്റിമേറ്റ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ മോർഡ് സ്പെസിഫിക്കേഷനിലെ സെക്ഷൻ 1500 മുതലാണ് പേവ്മെന്റ് കോൺക്രീറ്റിംഗ് സംബന്ധിച്ച് വിശദമാക്കുന്നത്. കൂടാതെ മോർഡ് സ്റ്റാൻഡേർഡ് ഡാറ്റാ ബുക്കിലെ അദ്ധ്യായം 6ൽ ഇതിന്റെ ഡാറ്റാ നല്കിയിട്ടുമുണ്ട്. ഇതിൽ 6.4 നമ്പർ ഇനമാണ് കോൺക്രീറ്റിനായി ഉപയോഗപ്പെടുത്തേണ്ടത്. വിവിധ സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റും, പേവ്മെന്റുകൾക്കുപയോഗിക്കുന്ന കോൺക്രീറ്റും വ്യത്യസ്തമാണെന്നത് ഇവിടെ പ്രസക്തമാണ്. റോഡിനാവശ്യമായ ഇലാസ്റ്റികത, ഷോക് അബ്സോർപ്ഷൻ സ്വഭാവം എന്നിവ മറ്റ് സ്ട്രക്ച്ചറുകളുടെ ഫൗണ്ടേഷൻ കോൺക്രീറ്റിന് ഉണ്ടാകണമെന്നില്ല. ആയതിനാൽ 11.4.3.1 ഡാറ്റാ പ്രകാരമുള്ള കോൺക്രീറ്റിംഗ് റോഡ് പ്രവൃത്തികൾക്ക് അനുയോജ്യമല്ലാത്തതും ആയത് അവലംബിച്ച് നിർമ്മിക്കുന്ന റോഡുകൾ പെട്ടെന്ന് തകരുവാൻ സാദ്ധ്യത ഏറെയുമാണ്. മേൽപ്പറഞ്ഞ രണ്ട് കോൺക്രീറ്റുകളുടെയും സ്പെസിഫിക്കേഷൻ പരിശോധിച്ചാൽ തന്നെ നിർമ്മിതിയിലെ വലിയ അന്തരം വ്യക്തമാകുന്നതാണ്. ഇനം 6.4 പ്രകാരമുള്ള റോഡ് കോൺക്രീറ്റിൽ ഉപയോഗിക്കാവുന്ന Coarse Aggregate 25 Mm ൽ കൂടാൻ പാടില്ല എന്ന് നിഷ്കർഷിക്കുമ്പോൾ, 11.4.3.1ൽ 40 Mm Aggregate വരെ ഉപയോഗിക്കുന്നുണ്ട്. 6.4 പ്രകാരമുള്ള ഇനത്തിൽ ഉപയോഗിക്കുന്ന സാധനങ്ങളുടെ ബാഹുല്യവും വൈവിധ്യവും ഇവിടെ പ്രാധാന്യം അർഹിക്കുന്നു. കോൺക്രീറ്റ് റോഡ് നിർമ്മിതിക്ക് 11.4.3.1 നമ്പർ ഡാറ്റാ ഉപയോഗപ്പെടുത്തി പ്രവൃത്തികൾ നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുവാൻ നൽകിയ 25/29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയുടെ തീരുമാനം പ്രകാരമാണ് സ്പെസിഫിക്കേഷൻ തയ്യാറാക്കിയത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയത്. സർക്കാർ നിർദേശങ്ങൾ പാലിച്ച പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-34 കാർഷിക പ്രോജക്ടുകൾ- തനത് ഫണ്ട് ചെലവഴിച്ചതിന്റെ രേഖകളില്ല ₹75725 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഭാഗമായി ചെലവഴിച്ച തനത് ഫണ്ട് തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |

| | | |
|---|---|---|
| പ്രോജക്ടിന്റെ നമ്പർ / പേര് | 59/21<br>നെൽകൃഷിക്ക് വികസനം | 64/21<br>പ്ലാവ് കൃഷി വികസനം |
| അടങ്കൽ | ₹71500<br>വികസന ഫണ്ട് – ജനറൽ | ₹89725<br>വികസന ഫണ്ട് – ജനറൽ |
| | ₹170000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹5000 തനത് ഫണ്ട് |
| | ₹71500 തനത് ഫണ്ട് | ₹31525 (ഗുണഭോക്തൃ വിഹിതം) |
| | ആകെ : ₹313000 | ആകെ : ₹126250 |
| ചെലവ് | ₹50400<br>വികസന ഫണ്ട് – ജനറൽ | ₹60188<br>വികസന ഫണ്ട് – ജനറൽ |
| | ₹127500<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ₹4225 തനത്ഫണ്ട് |
| | ₹71500 (തനത് ഫണ്ട്) | ₹20062 ഗുണഭോക്തൃ വിഹിതം |
| ബിൽ നമ്പർ/തീയതി | 1.)20220552014200827519/15.12.20<br>വികസന ഫണ്ട്<br>2.)20220552014201436015/30.03.21<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>3.Vr.No. 22000875/22.3.21 ₹71500 | 20220552014201187060/04.03.21/<br>₹60188<br>Vr.No. 22000913/29.3.21 ₹4225 |
| അപാകം | ₹71500 ചെലവഴിച്ചത് എന്തിനെന്ന് വ്യക്തമല്ല. | തനത്ഫണ്ട് ₹4225 ചെലവഴിച്ചത് എന്തിനെന്ന് വ്യക്തമല്ല. വിജില പ്രാൺ എന്നയാളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതായാണ് കാണുന്നത്. രശീതി ലഭ്യമാക്കിയിട്ടില്ല |

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/27-04-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ ₹75725 (71500+4225) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 പച്ചത്തുരുത്ത് വൃക്ഷത്തൈകൾ വാങ്ങൽ ചെലവ് വിവരങ്ങൾ ലഭ്യമാക്കിയില്ല. ₹36995 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 163/21 പച്ചത്തുരുത്ത് വൃക്ഷത്തൈകൾ വാങ്ങൽ |
| അടങ്കൽ | ₹100000 തനത് ഫണ്ട് |
| ചെലവ് | ₹7200 വൗച്ചർ നമ്പർ /തീയ്യതി : 22000556/11.11.20<br>₹36995 വൗച്ചർ നമ്പർ / തീയ്യതി : 22000247/27.07.20<br>ആകെ : ₹44,195 |

പച്ചത്തുരുത്ത് വൃക്ഷത്തൈകൾ വാങ്ങൽ എന്ന മേൽ പ്രോജക്ടിനായി മുകളിൽ കൊടുത്ത പ്രകാരം ₹44195 തനത്ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. കണ്ണവം റെയിഞ്ച്-ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ നിന്നും വിവിധയിനം തൈകൾ വാങ്ങുന്നതിനായി പേരാവൂർ സബ് ട്രഷറിയിൽ നിന്നും എടുത്ത ₹7200 യുടെ ചെലാൻ മാത്രമാണ് ഇത് സംബന്ധിച്ച് പരിശോധനക്ക് ലഭ്യമാക്കിയത്. ഏതൊക്കെ തൈകളാണ് വാങ്ങിയതെന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ₹36995 തനത് ഫണ്ട് ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/22.04.22ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹36995 ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-36 കൃഷിഭവൻ ഡിജിറ്റലൈസേഷൻ - കെൽട്രോണിന് അധികം തുക നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പർ / പേര് | 98/21 കൃഷിഭവൻ ഡിജിറ്റലൈസേഷൻ |

| | | |
|---|---|---|
| അടങ്കൽ | ₹43750 | തനത് ഫണ്ട് |
| ചെലവ് | ₹40469 | വൗച്ചർ നമ്പർ & തീയ്യതി 22000301/26.08.20 |

കൃഷിഭവൻ ഡിജിറ്റലൈസേഷൻ എന്ന പ്രോജക്ടിന്റെ ഭാഗമായി കെൽട്രോണിൽ നിന്നും കൃഷിഭവനിലേക്ക് ഒരു ഡസ്ക് ടോപ് കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. കെൽട്രോൺ സമർപ്പിച്ച പ്രോഫോർമ ഇൻവോയ്സ് നമ്പർ TVM/ITGB/PI/RC /18611/20-21 തീയ്യതി 02.07.20 പ്രകാരമുള്ള ഒരു ഡസ്ക് ടോപ് കമ്പ്യൂട്ടറിന്റെ വിലയായ ₹40469 ആണ് കെൽട്രോണിന് കൈമാറിയത്. എന്നാൽ 18.12.20ലെ കെൽട്രോൺ ടാക്സ് ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ കമ്പ്യൂട്ടറിന്റെ വില ₹38614 യാണ്. ₹1855 കെൽട്രോണിന് അധികം നൽകിയിട്ടുണ്ട്. ഈ തുക കെൽട്രോണിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടോ എന്ന വിവരം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/22.4.22) മുഴുവൻ തുകക്കുമുള്ള കൈപ്പറ്റ് രശീതി ലഭ്യമാക്കാൻ കെൽട്രോണിനോടാവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് കൃഷി ഓഫീസർ മറുപടി നൽകിയത്. മുൻകൂറായി നൽകിയ തുകയിലും കുറഞ്ഞ വിലക്കാണ് കെൽട്രോൺ കമ്പ്യൂട്ടർ ലഭ്യമാക്കിയിരിക്കുന്നത്. ആയതിനാൽ അധികം നൽകിയ തുക (₹1855) കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-37 കാർഷിക പദ്ധതികൾ-കൃത്യവുംഫലപ്രദവുമായ മോണിറ്ററിംഗ് ഉറപ്പ് വരുത്തണം

മുഴക്കുന്ന് ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തിൽ കാർഷിക മേഖലയിൽ ആകെ 23 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 14 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. അംഗീകാരം ലഭിച്ച 5 സ്പിൽ ഓവർ പദ്ധതികളിൽ 1 തൻവർഷവും നടപ്പാക്കിയിട്ടില്ല. ഉത്പാദനമേഖലയിലെ സ്ഥായിയായ വളർച്ച ഉറപ്പുവരുത്തുന്നതിൽ ഈ പദ്ധതികൾ എത്രമാത്രം പ്രയോജനപ്പെട്ടുന്ന എന്ന് ദീർഘകാലാടിസ്ഥാനത്തിൽ നിരീക്ഷണം ചെയ്യപ്പെടേണ്ടതുണ്ട്. പ്രസ്തുത വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയിലും വ്യക്തമായ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ടത് അതത് വർക്കിംഗ് ഗ്രൂപ്പുകളാണ്. മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥർക്കും ഭരണസമിതിക്കും നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്. പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ)നം11/2018 ത.സ്വ.ഭ.വ തീയതി 29.1.2018 ഖ.13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിച്ച് നടപ്പാക്കുന്ന പദ്ധതികൾ പൂർണ്ണഫലപ്രാപ്തിയിലെത്തുന്ന എന്നുറപ്പുവരുത്തേണ്ടതാണ്. പ്രോജക്ടുകളുടെ നിർവഹണത്തിലെ ഓരോ ഘട്ടത്തിലും അതിന്റെ ജയപരാജയങ്ങൾ വിലയിരുത്തേണ്ടത് അത്യാവശ്യമാണ്.

## 1-38 പദ്ധതികൾ നടപ്പിലാക്കാതെപോകുന്ന

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ നടപ്പിലാക്കാതെ ലക്ഷ്യം കൈവരിയ്ക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 2019-20 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ തൻവർഷവും നടപ്പിലാക്കിയിട്ടില്ല. ഈ പദ്ധതികൾ 2020-21 വർഷത്തിൽ സ്പിൽ ഓവർ പദ്ധതികളായി ഉൾപ്പെടുത്താതെ ഉപേക്ഷിച്ചിരിക്കുകയാണ്. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | പേര് |
|---|---|
| 150/21 | പഞ്ചായത്ത് ഓഫീസ് നവീകരണം |
| 153/21 | കൊക്കകാവ് - എളോഞ്ഞി - എടത്തൊട്ടി റോഡ് ടാറിംഗ് |
| 182/21 | പാറക്കണ്ടം അംഗൻവാടിക്ക് കുടിവെള്ള പദ്ധതി |
| 200/21 | തളിപ്പൊയിൽ പൊതുകിണറിന് ആഴം കൂട്ടൽ |
| 201/21 | ചെങ്ങാടി വയൽ-എടംകുന്ന് റോഡ് അറ്റകുറ്റപ്പണി |

ഇത്തരത്തിൽ സേവന വികസന മേഖലകളിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ നടപ്പാക്കാതെ പോകുന്നത് പദ്ധതി രേഖപ്രകാരമുള്ള പഞ്ചായത്തിന്റെ ദീർഘകാല വികസന ലക്ഷ്യങ്ങൾ നേടിയെടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാക്കും.

ഓരോ മേഖലയിലും മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ്കമ്മിറ്റികളുടെയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017 - 2022 കാലത്തെ 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രൊജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രൊജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ്ങ്ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രൊജക്ടുകൾക്ക് രൂപം നല്കേണ്ടത്. ഇത്തരത്തിൽ യാതൊരു

പ്ലാനിങ്ങും ഇല്ലാതെ പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് പദ്ധതി പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാതെ പദ്ധതികൾ ഉപേക്ഷിക്കേണ്ടി വരുന്നത്. യഥാർത്ഥത്തിലുള്ള ആവശ്യകതാ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ല പദ്ധതികൾ തയ്യാറാക്കുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. പദ്ധതിരൂപീകരണം മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ സാങ്കേതികാനുമതി നേടൽ, ടെണ്ടർ വിളിക്കൽ കരാറിലേർപ്പെടൽ തുടങ്ങി ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങളും ഫണ്ടും പാഴാകുന്ന അവസ്ഥയാണ് ഇത്തരത്തിൽ പദ്ധതികൾ ഉപേക്ഷിക്കുന്നതിലൂടെ ഉണ്ടാകുന്നത്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ 28/29-04-2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. മനുഷ്യവിഭവശേഷിയും ഫണ്ടും പാഴാക്കാതെ പ്രോജക്ടുകൾ ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച് തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ / തീയ്യതി |
|---|---|---|
| 2020-21 | 26-4-2022 | കെ.എസ്.എ/കെ.എൻ.ആർ/സി.11/627/2022 തീയതി: 02.06.2022 |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | തുക ലഭിച്ച വർഷം | പദ്ധതിയുടെ നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 127500 | 2020-21 | 59/21 നെൽകൃഷി വികസനം | 127500 | ഇല്ല |
| 2 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 112472 | 2019-20 | 161/21 നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി | 112472 | ഇല്ല |
| 3 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 148050 | 2020-21 | 74/21 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത/ സ്കോളർഷിപ്പ് | 148050 | ഇല്ല |
| 4 | പേരാവൂർ | 150000 | 2020-21 | 208/21 | 150000 | ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| | ബ്ലോക്ക് പഞ്ചായത്ത് | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ബത്ത/ സ്കോളർഷിപ്പ് | | |
| 5 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 2020-21 | 235/21 ഇടവിളകൃഷി (ട്യൂബർ കിറ്റ്) വിതരണം | 100000 | ഇല്ല |
| 6 | പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് | 100000 | 2020-21 | 237/21 പച്ചക്കറിതൈ വിതരണം | 100000 | ഇല്ല |
| | ആകെ | 738022 | | | 738022 | |
| 7 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2020-21 | 237/21 പച്ചക്കറിതൈ വിതരണം | 100000 | ഇല്ല |
| 8 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 83719 | 2020-21 | 122/21 സാന്ത്വന പരിചരണം | 83719 | ഇല്ല |
| 9 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 1540000 | 2020-21 | 210/21 ലൈഫ് മിഷൻ പദ്ധതി ഭവന നിർമ്മാണം ജനറൽ | 1540000 | ഇല്ല |
| 10 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 100000 | 2020-21 | 211/21 ലൈഫ് മിഷൻ പദ്ധതി ഭവന നിർമ്മാണം പട്ടിക വർഗ്ഗം | 100000 | ഇല്ല |
| 11 | കണ്ണൂർ ജില്ലാ പഞ്ചായത്ത് | 300000 | 2020-21 | 215/21 ആശ്രയ കുടുംബത്തിന് ഭവന നവീകരണം | 300000 | ഇല്ല |
| | ആകെ | 2123719 | | | 2123719 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പാ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന | ഹഡ്കോ. എൽ. എഫ്/511 /2018/1-1-2019 | 17220000 | 15940588 | 1426412 | - | 14514176 |

| പദ്ധതി | | | | | | |
|---|---|---|---|---|---|---|

* ജി.ഒ പ്രോജക്ട് പ്രകാരം വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി, വികസന ഫണ്ട് ടി.എസ്.പി എന്നിവയിൽ നിന്നും KURDFC ലോൺ തുകയായി 2020-21 ൽ യഥാക്രമം ₹1257961, ₹7314, ₹11137 എന്നീ തുകകൾ ഉൾപ്പെടെ ആകെ ₹1426412 തിരിച്ചടച്ചത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. B-5 ഷെഡ്യൂൾ പ്രകാരം വായ്പ തിരിച്ചടക്കാൻ ബാക്കി ₹12663473 എന്നാണുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 5441174 |
| തൻവർഷം നിക്ഷേപിച്ചത് | 420528 |
| ആകെ | 5861702 |
| തൻവർഷം പിൻവലിച്ചത് | 0 |
| വർഷാവസാനം നീക്കിയിരിപ്പ് | 5861702 |

| ക്രമ നമ്പർ | സ്ഥിര നിക്ഷേപത്തിന്റെ വിവരം | കാലാവധി | തുക |
|---|---|---|---|
| 1 | പേരാവൂർ റീജിയണൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കാക്കയങ്ങാട് ബ്രാഞ്ച് FD നമ്പർ 104140010004774/30-3-2021 | - | 5846692 |
| 2 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 4479/29-9-2015 | - | 10000 |
| 3 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ( ഷെയർ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല) | - | 5010 |
| | ആകെ | | 5861702 |

* സ്ഥിര നിക്ഷേപത്തിന്റെ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 12 | 2002-03 | 3.13.17 | സമഗ്ര വയൽ കൃഷി വികസനം സർക്കാര് നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. | പരാമർശം നിലനിൽക്കുന്നു |
| 2001-02 | 12 | 2003-04 | 3.13.17 | മാർഗ്ഗ നിർദ്ദേശ രേഖയിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി കമ്പ്യൂട്ടർ പരിശീലനം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ | 49235342 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ | 49224716 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹ | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ | 150970 |

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദികളായ ഉദ്യോഗസ്ഥന്റെ പേര് |
|---|---|---|
| 1-28 | 25000 | ശ്രീ. സുരേഷ് ബാബു. കെ, സെക്രട്ടറി |
| 1-30 | 13250 | ശ്രീ. സുരേഷ് ബാബു. കെ, സെക്രട്ടറി |
| 1-34 | 75725 | ശ്രീ. ജോർജ്. കെ.ജെ., കൃഷി ഓഫീസർ |
| 1-35 | 36995 | ശ്രീ.രാജേഷ് കൃഷ്ണൻ ആർ, കൃഷി ഓഫീസർ |
| ആകെ | 150970 | |

സി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

| നഷ്ടത്തിനും തടസ്സത്തിനും ഉത്തരവാദിയായ ആളുടെ പേര് | ഇപ്പോഴത്തെ ഔദ്യോഗിക വിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോർജ്. കെ.ജെ,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കൃഷി ഭവൻ, മുഴക്കുന്ന് | കുഞ്ഞാനയിൽ ഹൌസ്<br>പേരാവൂർ - വഴി,<br>കൊളക്കാട് -പി.ഒ |
| ശ്രീ. സുരേഷ്ബാബു. കെ,<br>സെക്രട്ടറി | സെക്രട്ടറി,<br>പടിയൂർ കല്യാട് ഗ്രാമ പഞ്ചായത്ത് | ചാന്ദിനി,<br>പയഞ്ചേരി<br>ഇരിട്ടി, കണ്ണൂർ |
| ശ്രീ.രാജേഷ് കൃഷ്ണൻ ആർ. | ഐ.ടി. സെൽ, ഓഫീസ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, വികാസ് ഭവൻ, തിരുവനന്തപുരം | രോഹിണി, കൃഷ്ണ ഹൗസ്, തിരുവനന്തപുരം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നുമുള്ള ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 3 |

| | | |
|---|---|---|
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 1 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2010-11 & 2011-12 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 3 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 4 |
| 2013-14 & 2014-15 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 2 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ/സി.11/801/19 തീയ്യതി 17-7-2019 | 4 |
| 2016-17 | കെ.എസ്.എ/കെ.എൻ.ആർ/സി.11/ | 2 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/സി.11/2121/18 തീയ്യതി 12-2-2019 | 8 |
| 2018-19 | കെ.എസ്.എ/കെ.എൻ.ആർ/സി.11 /405/2020(1)തീയ്യതി29-1-2021 | 28 |
| 2019-20 | കെ.എസ്.എ/കെ.എൻ.ആർ/സി.11/626/2022 തീയതിः 01.06.2022 | 31 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം , കണ്ണൂര്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മുഴക്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annex3-1

## RECEIPT AND PAYMENT STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 29724969<br>40373 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 740810 |
| 140000000 | Fees & User Charges | RP-4 | 621569 |
| 150000000 | Sale & Hire Charges | RP-5 | 163813 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37256576 |
| 171000000 | Interest Earned | RP-9 | 469922 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3705469 |
| 350000000 | Other Liabilities | RP-36 | 1264510 |
| Non operating | | | |
| 311000000 | Earmarked Fund | RP-29 | 5780 |
| 340000000 | Deposits Received | RP-34 | 383473 |
| 350000000 | Other Liabilities | RP-36 | 332266 |
| 431000000 | Sundry Debtors (Receivables) | RP-43 | 4291154 |
| Grand Total | | | 79000684 |
| Payments | | | |

| | | | |
|---|---|---|---|
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2094488 |
| 220000000 | Administrative Expenses | RP-12 | 970302 |
| 230000000 | Operations & Maintenance | RP-13 | 1144399 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 2239292 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 12634562 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1888080 |
| 253000000 | Decentralised Plan Programme-Projects not in Sector | RP-18 | 645287 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | RP-19 | 136320 |
| 255000000 | Maintance Projects | RP-20 | 9749589 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 25000 |
| 280000000 | Prior Period Item | RP-26 | -3183 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0 |
| 350000000 | Othes Liabilities | RP-36 | 4293794 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 59774 |
| 340000000 | Deposits Received | RP-34 | 28866 |
| 350000000 | Other Liabilities | RP-36 | 2022453 |
| 410000000 | Fixed Assets | RP-38 | 6200343 |
| 412000000 | Capital Work in Progress | RP-40 | 3839491 |
| 460000000 | Loans, Advances and Deposits | RP-47 | 1255859 |

| | | | |
|---|---|---|---|
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 29201885<br>574083 |
| Grand Total | | | 79000684 |

## Annex3-2

## INCOME AND EXPENDITURE STATEMENT OF MUZHAKKUNNU GRAMA PANCHAYAT FOR THE PERIOD FROM 1-4-2020 TO 31-3-2021

| | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 4063360 |
| 130000000 | Rental Income from Panchayat Properties | I-3 | 102388 |
| 140000000 | Fees & User Charges | I-4(b) | 1286409 |
| 150000000 | Sale & Hire Charges | I-5(b) | 168213 |
| 160000000 | Revenue Grants,Funds,Contributions&Compensations | I-6 | 113167838 |
| 170000000 | Income from Investments | I-7 | 421692 |
| 171000000 | Interest Earned | I-8 | 469922 |
| A | Total Income | | 119769822 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8586104 |
| 220000000 | Administrative Expenses | I-11(b) | 970302 |
| 230000000 | Operations & Maintenance | I-12(b) | 1144399 |
| 240000000 | Interest & Finance Charges | I-13 | 59774 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 2239292 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42024054 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1888080 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 645287 |
| 254000000 | Expen.of Transferrred Institutions & State Spon. Schems | I-14(d) | 50276620 |
| 255000000 | Maintance Projects | I-14(e) | 9749589 |
| 260000000 | Grants, Contributions and Compensations from own Fund | I-15 | 25000 |
| 272000000 | Depreciation | I-17(a) | 4282735 |
| B | Total Expenditure | | 121891236 |
| C=A-B | Gross Surplus / Defict Income over Expenditure | | -2211414 |
| D= 280000000 | Prior Period Item | I-18 | -10871 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -2200543 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

## Annex3-3

## BALANCE SHEET OF MUZHAKKUNNU GRAMA PANCHAYAT AS ON 31-3 -2021

| Code No | Description of Items | Schedule | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Municipal (General) Fund [ Code No 310 ] | B-1 | 15051562.25 |
| 311000000 | Earmarked Funds | B-2 | 97668 |
| 312000000 | Reserves | B-3 | 69721457 |
| | Total Reserve & Surplus | | 84870687.25 |
| | Grants, Contribution for specific purposes | | |
| 320000000 | Grants, Funds,Contributions for specific purposes | B-4 | 6216991 |
| | Total Grants,Contribution for specific purposes | | 6216991 |
| | Loans | | |
| 330000000 | Secured Loans | B-5 | 12663473 |

| | | | |
|---|---|---|---|
| | Total Loans | | 12663473 |
| | Current Liabilities and Provision s | | |
| 340000000 | Deposits Received | B-7 | 886966 |
| 350000000 | Other Liabilities | B-9 | 4854331.75 |
| | Total Current Liabilities and Provisions | | 5741297.75 |
| | TOTAL LIABILITIES | | 109492449 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 85903648 |
| 411000000 | Accumulated Depreciation | B-11 | -28144977 |
| 412000000 | Capital Work In Progress | B-11(a) | 1325872 |
| | Total Fixed Assets | | 59084543 |
| | Investments | | |
| 420000000 | Investments | B-12 | 5861702 |
| | Total Investments | | 5861702 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 278742 |
| 440000000 | Pre-paid Expences | B-16 | 12663473 |
| 450000000 | Cash and Bank balance | B-17 | 29775968 |
| 460000000 | Loans, Advances and Deposits | B-18 | 1828021 |
| | Total Current Assets,Loans and Advances | | 44546204 |
| | TOTAL ASSETS | | 109492449 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.